ഉത്തരം

(എ) ദീർഘകാല അവധിയിൽ വിദേശത്ത് ജോലിനോക്കുന്നവരും മറ്റും പെൻഷനാകുന്നതിന് ഒരു വർഷം മുമ്പ് ജോലിയിൽ തിരികെ പ്രവേശിക്കണമെന്ന ധനകാര്യ പെൻഷൻ ബി സെക്ഷന്റെ 8.8.97-ലെ 684-ാം നമ്പർ ഉത്തരവ് ക്യാൻസൽ ചെയ്തിട്ടില്ല. മറിച്ച് പ്രസ്തുത ഉത്തരവിലെ തീരുമാനങ്ങൾ കെ.എസ്.ആർ. ഭാഗം ഒന്നിൽ ചേർക്കുന്ന നടപടിയുടെ മുന്നോടിയായി 'ധനകാര്യ റൂൾസ്' സെക്ഷൻ പുറപ്പെടുവിച്ച 1.6.98-ലെ 1513-ാം നമ്പർ ഉത്തരവും 24.7.98-ലെ 1810-ാം നമ്പർ ഉത്തരവുമാണ് മുൻകാല പ്രാബല്യത്തോടെ 18.5.2000-ലെ 887-ാം നമ്പർ ഉത്തരവുവഴി 'ധനകാര്യ റൂൾസ്' സെക്ഷനിൽനിന്നും ക്യാൻസൽ ചെയ്തത്. പെൻഷനാകുന്നതിന് ഒരു വർഷം മുമ്പ് തിരികെ ജോലിയിൽ പ്രവേശിച്ചില്ലെങ്കിൽ സർവ്വീസിൽനിന്നും പിരിച്ചുവിടപ്പെടും എന്ന ഉത്തരവിന് സാധൂകരണമില്ലാത്തതിനാലാണ് പ്രസ്തുത ഉത്തരവുകൾ റദ്ദാക്കിയത്.

(ബി) മേൽ വിവരിച്ച സാഹചര്യത്തിൽ ധനകാര്യ റൂൾസ് സെക്ഷൻ പുറപ്പെടുവിച്ച ഉത്തരവുകൾക്ക് സാധൂകരണമില്ലാത്തതിനാലാണ് അവ ക്യാൻസൽ ചെയ്തത്. ഇക്കാര്യത്തിൽ പെൻഷൻ സെക്ഷന്റെ അഭിപ്രായം ആരാഞ്ഞിരുന്നില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ധനകാര്യവകുപ്പിൽ ഇതു സംബന്ധിച്ച അപേക്ഷകളോ ഭരണ വകുപ്പിന്റെ ഫയലുകളോ പരിഗണനയിലില്ല.

(ഇ) അച്ചടക്ക നടപടി സ്വീകരിച്ച് സർവ്വീസിൽനിന്നും പിരിച്ചുവിടാതിരിക്കുന്നിടത്തോളംകാലം ലീവിൽ പ്രവേശിക്കുന്നതിന് മുമ്പുള്ള ക്വാളിഫയിംഗ് സർവ്വീസിന് അർഹമായ റിട്ടയർമെന്റാനുകൂല്യങ്ങൾ ലഭിക്കും.

(എഫ്) ഉപചോദ്യം ഇ-യുടെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(ജി) ഉപചോദ്യം സി-യുടെ വെളിച്ചത്തിൽ ഉപചോദ്യം ജി- ഉദിക്കുന്നില്ല.

റാന്നി താലൂക്കാശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട്

39 (371) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ മതിയായ ഫണ്ടില്ലാത്തതുമൂലം റാന്നി താലൂക്കാശുപത്രിയുടെ നിർമ്മാണപ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 20% ഫണ്ടില്ലാത്തതിനാൽ റാന്നി-പെരുനാട് കോസ്വേയുടെ നിർമ്മാണം ടെണ്ടർ ചെയ്യാൻ കഴിയാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കേരളത്തിലെ ഏറ്റവും വിസ്തൃതിയേറിയ റാന്നി നിയോജകമണ്ഡലത്തിലെ ഈ രണ്ട് പ്രവൃത്തികൾക്ക് മതിയായ ഫണ്ടനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പച്ചക്കാനം-പ്ലാപ്പള്ളി റോഡ് പുനരുദ്ധാരണത്തിന് വേണ്ടി ഭരണാനുമതിക്കായി പി.ഡബ്ല്യൂ.ഡി.യ്ക്ക് സമർപ്പിച്ച ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; പി.ഡബ്ല്യൂ.ഡി. അയച്ചിരിക്കുന്ന ഫയൽ അവർക്ക് തന്നെ മടക്കിക്കൊടുക്കുവാൻ നടപടി സ്വീകരിക്കുമോ?
1189/2010.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അടുത്തവർഷത്തെ ബജറ്റിൽ ഇതിനാവശ്യമായ ഫണ്ട് ഉൾപ്പെടുത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം ശുപാർശ മാറ്റിവയ്ക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഭരണവകുപ്പിന് ഫയൽ തിരികെ നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം ശുപാർശകളൊന്നും ലഭിച്ചിട്ടില്ല.

എക്സൈസ് ഇനത്തിലുള്ള വരവ്

40 (373) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000-2001-ൽ എന്തു തുക വീതമാണ് വിൽപ്പന നികുതി, കാർഷികാദായ നികുതി, എക്സൈസ് ഇനത്തിലുള്ള വരവ്, രജിസ്ട്രേഷൻ ചാർജ്ജ്, മോട്ടോർവാഹന നികുതി എന്നീ ഓരോയിനങ്ങളിലും പ്രതീക്ഷിച്ചത്;

(ബി) പ്രസ്തുത സാമ്പത്തികവർഷത്തെ ഓരോ പാദത്തിലും ഈ നികുതികളിൽ എന്തു തുകവീതം പിരിച്ചെടുക്കാമെന്ന് പ്രതീക്ഷിച്ചു;

(സി) അതിൽ ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ അവസാനിച്ച പാദങ്ങളിലും, നവംബർ 30 വരെയും എന്തു തുക പിരിച്ചെടുക്കാമെന്ന് കരുതിയിരുന്നു;

(ഡി) അതിൽ എന്തു തുക വീതമാണ് ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ അവസാനിച്ച പാദങ്ങളിലും ഒക്ടോബർ, നവംബർ മാസങ്ങളിലും പിരിച്ചെടുത്തത്;

(ഇ) പ്രതീക്ഷിച്ച തോതിൽ നികുതി പിരിഞ്ഞുകിട്ടാതിരിക്കുവാനുള്ള കാരണങ്ങളെന്തെല്ലാം;

(എഫ്) ഇപ്പോൾ വിൽപ്പനനികുതി, കാർഷികാദായ നികുതി, എക്സൈസ് ഇനത്തിലുള്ള വരവ്, രജിസ്ട്രേഷൻ ചാർജ്, മോട്ടോർ വാഹന നികുതി എന്നീ ഓരോ ഇനത്തിലും എന്തു തുക കുടിശ്ശികയായിട്ടുണ്ടെന്ന് പറയുമോ?

ഉത്തരം

(എ) 2000-2001 സാമ്പത്തികവർഷം ഓരോ ഇനത്തിലും പ്രതീക്ഷിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

വിൽപ്പന നികുതി	-	4516 കോടി രൂപ
കാർഷികാദായ നികുതി	-	32 കോടി രൂപ
എക്സൈസ്	-	803 കോടി രൂപ
സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും	-	469.14 കോടി രൂപ

മോട്ടോർവാഹന നികുതി സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി)&(സി) സാമ്പത്തിക വർഷത്തേയ്ക്ക് മൊത്തമായാണ് നികുതി പിരിവിന് ലക്ഷ്യമിടുന്നത്. പാദം തിരിച്ച് പ്രത്യേകമായി ടാർജറ്റ് നിശ്ചയിക്കുന്നില്ല.

(ഡി) സി-ചോദ്യത്തിന്റെ മറുപടിയുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഇ) വിൽപ്പന നികുതി, കാർഷികാദായ നികുതി സംബന്ധിച്ച് 30.10.2000 വരെയുള്ള കാലയളവിൽ മുൻവർഷത്തെ അപേക്ഷിച്ച് കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly